## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 346 02.12.2014-ൽ മറുപടിയ്ക്ക്

# വൈക്കം നിയോജക മണ്ഡലത്തിലെ ഊർജ്ജ വകുപ്പിൻെറ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ ഊർജ്ജ വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവഴി എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരവും, കെ. എസ്. ഇ. ബി. യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചും മൊത്തം 980 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. ഇതു പ്രകാരം മൊത്തം 5266 വീടുകൾ വൈദ്യുതീകരിക്കാൻ സാധിച്ചു.<br>പ്രസരണ വിഭാഗത്തിൻെറ കീഴിൽ വൈക്കം 110 കെ. വി. സബ്സ്റ്റേഷനിൽ ഒരു 12.5 എം. വി. എ ശേഷിയുള്ള 110/11 കെ. വി ട്രാൻസ്ഫോർമറും അനുബന്ധ 11 കെ. വി പാനൽ സെറ്റുകളും സ്ഥാപിച്ച് ശേഷി വർദ്ധന നടത്തിയിട്ടുണ്ട്. ഇതിനായി ആകെ 242 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ബി) കേന്ദ്ര ഗവൺമെൻറ് സഹായത്തോടെ വൈക്കം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെന്നും ഇതിൻെറ ഏതെങ്കിലും തുടർപദ്ധതികൾ കേന്ദ്ര ഗവൺമെൻറ് സഹായത്തോടെ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ? | (ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി നടപ്പിലാക്കി. തുടർ പദ്ധതിയായി ആർ. ജി. ജി. വി. വൈ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.